**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6533** **11-11-2021 - ൽ മറുപടിയ്ക്ക്**

**കാർഷിക മേഖലയിൽ വന്ന വരുമാന ഇടിവ് പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കനത്ത മഴയിലും, കാറ്റിലും കൃഷി നാശം ഉണ്ടായ കർഷകർക്ക് ഓൺലൈൻ സംവിധാനത്തിലൂടെ നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; | (എ) | പ്രകൃതിക്ഷോഭം മൂലം കൃഷിനാശമുണ്ടാകുന്ന കർഷകർക്ക് സംസ്ഥാന കൃഷി വകുപ്പ്, പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിനുള്ള അടിയന്തിര പരിപാടി, സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ മുഖേന നഷ്ടപരിഹാരം കൃഷി വകുപ്പിന്റെ AIMS പോർട്ടലിലൂടെ ഓൺലൈനായി കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് DBT സംവിധാനത്തിലൂടെ നേരിട്ട് നൽകുന്നു. കൂടാതെ കേന്ദ്ര വിഹിതമായ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും അനുവദിക്കുന്ന വിളനാശത്തിനുള്ള നഷ്ടപരിഹാരവും കർഷകർക്ക് ഓൺലൈൻ സംവിധാനത്തിലൂടെയാണ് നൽകി വരുന്നത്. |
| (ബി) | കർഷകർക്ക് ഇത്തരത്തിലുള്ള ഓൺലൈൻ പോർട്ടൽ ഉപയോഗിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ടോ;വ്യക്തമാക്കാമോ? | (ബി) | നിലവിൽ കർഷകർക്ക് ഓൺലൈനായി നേരിട്ടും, അക്ഷയകേന്ദ്രങ്ങൾ, കോമൺ സർവ്വീസ് സെന്റർ എന്നിവ മുഖേനയും AIMS പോർട്ടലിലൂടെ അപേക്ഷ നൽകാവുന്നതാണ്. പ്രത്യേക സാഹചര്യത്തിൽ എന്തെങ്കിലും കാരണവശാൽ ഒരു കർഷകന് ഓൺലൈനിലൂടെ നിലവിലെ രീതിയിൽ അപേക്ഷിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ ആയത് കൃഷി ഭവൻ ഉദ്യോഗസ്ഥരുടെ സഹായത്തോടെ നിർവ്വഹിക്കുന്നതിനുള്ള സഹായം നൽകുന്നുണ്ട്. കൂടാതെ കർഷകൻ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടവിധം, അപേക്ഷ സമർപ്പിക്കേണ്ട വിധം എന്നിവയെ സംബന്ധിച്ച് പരിശീലന വീഡിയോകൾ സമൂഹ മാധ്യമങ്ങൾ മുഖേന വ്യാപകമായി പ്രചരിപ്പിച്ചിട്ടുണ്ട്. സംസ്ഥാന കൃഷി വകുപ്പിന്റെ വെബ് സൈറ്റായ keralaagriculture.gov.in എന്ന സൈറ്റിൽ കർഷകർക്ക് AIMS പോർട്ടൽ സംബന്ധിച്ചുള്ള വിവരങ്ങൾ അറിയുന്നതിനായുള്ള സംവിധാനവും നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ